KSACS

Kerala State AIDS Control Society
Red Cross Road
Thiruvananthapuram -695035
www.ksacs.in

Phone: +91 471 2304882,2304704,2303763, Fax: +91 471 2305183 email: keralasacs@gmail.com

**06 06 09**

# രക്തദാന വാരാചരണം ജൂണ്‍ എട്ടു മുതല്‍: സംസ്ഥാനവ്യാപകമായി രക്തദാനക്യാമ്പുകള്‍

തിരുവനന്തപുരം: ലോകരക്തദാതാ ദിനാചരണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ജൂണ്‍ എട്ടു മുതല്‍ 14 വരെ വിപുലമായ രീതിയില്‍ രക്തദാന വാരാചരണം സംഘടിപ്പിക്കുന്നു. ജൂണ്‍ 14 നാണ് ലോക രക്തദാതാ ദിനം ആചരിക്കുന്നത്.

കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ആഭിമുഖ്യത്തിലാണ് പരിപാടികള്‍ സംഘടിപ്പിച്ചിരിക്കുന്നത്. ജൂണ്‍ എട്ടു മുതല്‍ 13 വരെയുള്ള തീയതികളിലായി കേരളത്തിലെ എല്ലാ ജില്ലകളിലും നിരവധി കേന്ദ്രങ്ങളില്‍ രക്തദാന ക്യാമ്പുകള്‍ സംഘടിപ്പിക്കും. സന്നദ്ധ സംഘടന കള്‍, എന്‍.സി.സി, എന്‍.എസ്.എസ്, കോളജുകളില്‍ പ്രവര്‍ത്തിക്കുന്ന റെഡ് റിബണ്‍ ക്ലബുകള്‍, നെഹ്റു യുവകേന്ദ്ര, കെ.സി.വൈ.എം ഉള്‍പ്പെടെയുള്ള മത- സമുദായ സംഘടനകള്‍, രാഷ്ട്രീയ പാര്‍ട്ടികളുടേതുള്‍പ്പെടെയുള്ള യുവജനസംഘടനകള്‍ തുടങ്ങിയവരെയൊക്കെ സഹകരിപ്പിച്ചു കൊണ്ടാണ് രക്തദാനക്യാമ്പുകള്‍ ക്രമീകരിച്ചിരിക്കുന്നത്. ഹിന്ദുസ്ഥാന്‍ ലാറ്റക്സ് ഫാമിലി പ്ലാനിംഗ് പ്രമോഷന്‍ ട്രസ്റ്റിനാണ് രക്തദാന ക്യാമ്പുകളുടെ ഏകോപനത്തിന്റെ ചുമതല.

ജൂണ്‍ 10ന് എറണാകുളത്ത് കലൂരിലുള്ള ഐ.എം.എ ഹൗസില്‍ വിപുലമായ രക്തദാനക്യാമ്പും സംഘടിപ്പിച്ചിട്ടുണ്ട്. എട്ടു രക്തബാങ്കുകളില്‍ നിന്നുള്ള ടീമുകള്‍ ക്യാമ്പില്‍ രക്തം ശേഖരിക്കും. അഞ്ഞൂറിലേറെ പേര്‍ ഇവിടെ രക്തം ദാനം ചെയ്യുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

രക്തദാനക്യാമ്പുകള്‍ കൂടാതെ എല്ലാ ജില്ലയിലും പൊതുസമ്മേളനങ്ങള്‍ നടക്കും. കൂടാതെ വിവിധ സ്ഥലങ്ങളില്‍ സന്നദ്ധ രക്തദാന രംഗത്തു പ്രവര്‍ത്തിക്കുന്ന വോളണ്ടിയര്‍മാര്‍ക്കു വേണ്ടി പരിശീലന പരിപാടികളും രക്തദാനത്തേക്കുറിച്ച് അവബോധം വളര്‍ത്തുന്നതിനു വേണ്ടിയുള്ള സെമിനാറുകളും സംസ്ഥാന വ്യാപകമായി സംഘടിപ്പിച്ചിട്ടുണ്ട്.

ലോകരക്തദാതാ ദിനമായ ജൂണ്‍ 14ന് എറണാകുളത്ത് വിപുലമായ ദിനാചരണ പരിപാടികള്‍ സംഘടിപ്പിച്ചിട്ടുണ്ട്. രാവിലെ പത്തിന് എറണാകുളം സെന്റ് തെരേസാസ് കോളജ് ഓഡിറ്റോറി യത്തില്‍ നടക്കുന്ന ദിനാചരണ സമ്മേളനത്തില്‍ രക്തദാന മേഖലയില്‍ മികച്ച സേവനം കാഴ്ച വച്ച വ്യക്തികള്‍ക്കും സന്നദ്ധ സംഘടനകള്‍ക്കും രക്തബാങ്കുകള്‍ക്കും അവാര്‍ഡ് നല്‍കും.

നൂറു ശതമാനം സന്നദ്ധ രക്തദാനം എന്ന മുദ്രാവാക്യവുമായാണ് ഇത്തവണ ലോകമെങ്ങും രക്തദാതാ ദിനം ആചരിക്കുന്നത്. കേരളത്തില്‍ സന്നദ്ധ രക്തദാനം പ്രോത്സാഹിപ്പിക്കുന്നതി നായി വിപുലമായ പ്രവര്‍ത്തനങ്ങള്‍ ഇതിനകം തന്നെ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനതല ത്തില്‍ സന്നദ്ധ സംഘടനകളെയും യുവജന, മത, സമുദായ സംഘടനകളുടെയും പ്രതിനിധി കളെ ഉള്‍പ്പെടുത്തിക്കൊണ്ടുള്ള സന്നദ്ധരക്തദാന സമിതി രൂപീകരിച്ചു പ്രവര്‍ത്തനം തുടങ്ങി. ജില്ലാതലത്തിലും സമിതികളുടെ രൂപീകരണം നടന്നു വരികയാണെന്ന് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി പ്രോജക്ട് ഡയറക്ടര്‍ ഡോ. ഉഷ ടൈറ്റസ് അറിയിച്ചു.
സന്നദ്ധ രക്തദാനത്തിന് താത്പര്യമുള്ള വ്യക്തികള്‍ക്കും സ്ഥാപനങ്ങള്‍ക്കും വിശദാംശങ്ങള്‍ അറി യുന്നതിനായി 0484 2237020, 2237030 എന്നീ നമ്പറുകളില്‍ ബന്ധപ്പെടാവുന്നതാണ്.

ഈ കുറിപ്പ് താങ്കളുടെ വാര്‍ത്തകളില്‍ ഉള്‍പ്പെടുത്തണമെന്ന് അഭ്യര്‍ത്ഥിക്കുന്നു.

സ്നേഹാദരങ്ങളോടെ

**ജോയിന്റ് ഡയറക്ടര്‍ (ബോധവത്കരണം)**